**<u>കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസ്</u>**

**- മാധ്യമ സംഗമം -**

**10-02-2026**

## <u>വൈഗ 2026</u>

സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനും പൊതു സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായാണ് കൃഷി വകുപ്പ് 2016 മുതൽ "വൈഗ" (VAIGA - Value Addition for Income Generation in Agriculture) സംഘടിപ്പിച്ചു വരുന്നത്. "വൈഗ" യുടെ ഏഴാം പതിപ്പ് ഫെബ്രുവരി പതിനൊന്ന് മുതൽ പതിനാറ് വരെ തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ഗ്രൗണ്ടിൽ വെച്ച് സംഘടിപ്പിക്കുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും പുതു സംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതിക വിദ്യകൾ പങ്കിടുന്നതിനുമായുള്ള ഒരു വേദി എന്ന നിലയിൽ കാർഷിക പ്രദർശനം, കാർഷിക സെമിനാറുകൾ, കർഷക പാർലമെന്റ്, ബിസിനസ് മീറ്റ്, DPR ക്ലിനിക്ക് എന്നിവ വൈഗയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

2026 ഫെബ്രുവരി 11-ന് വൈകിട്ട് 4.30 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വൈഗ 2026 ഉദ്ഘാടനം ചെയ്യും. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും. കൃഷിവകുപ്പ് തയ്യാറാക്കിയ "കാർഷിക വഴിയിലെ പെൺ ചുവടുകൾ" എന്ന പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്യും. ഉദ്ഘാടന സമ്മേളനത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, പൊതു വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി, വനം-വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ, ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ അനിൽ, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം

ഗോപകുമാർ, തിരുവനന്തപുരം കോർപറേഷൻ മേയർ വി.വി രാജേഷ്, എം.പി മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിധ്യവുമുണ്ടാവും.

## കാർഷിക പ്രദർശനം

കാർഷിക മേഖലയിലെ മൂല്യവർധിത ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് ഇരുന്നൂറ്റമ്പതിലധികം സ്റ്റാളുകൾ വൈഗയുടെ ഭാഗമായി ഒരുക്കുന്നുണ്ട്. പൊതുജനങ്ങൾക്കും കർഷകർക്കും ഫെബ്രുവരി 11 മുതൽ 16 വരെയാണ് പ്രദർശന നഗരി സന്ദർശിക്കുന്നതിന് അവസരമൊരുക്കിയിട്ടുള്ളത്. കൃഷിക്കൂട്ടങ്ങൾ, കാർഷികോദ്പാദന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതു മേഖല, സർക്കാരിതര, അർദ്ധ സർക്കാർ, സർക്കാർ, സംരംഭകർ തുടങ്ങിയവരുടെ കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശനവും ഇതിൽ ഉൾപ്പെടുന്നു. തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, കർണ്ണാടക, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളുടെയും, കാർഷിക സർവ്വകലാശാല, നബാർഡ്, കേന്ദ്ര ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും കാർഷിക പ്രദർശനങ്ങളും ഇതിൽ ഉൾപ്പെടും. പ്രദർശന നഗരിയോടനുബന്ധിച്ച് വിവിധ വിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷണ ശാലയും, വ്യത്യസ്തങ്ങളായ കലാസന്ധ്യകളും ഒരുക്കിയിട്ടുണ്ട്.

## കാർഷിക സെമിനാറുകൾ

രണ്ട് വ്യത്യസ്ത വേദികളിലായി കാർഷിക മേഖലയിലെ നൂതന വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുന്നു. ഫെബ്രുവരി 11ന് നടക്കുന്ന സെമിനാറുകളിൽ പാക്കേജിങ്ങും ഗുണനിലവാര നിയന്ത്രണവും, FPOകളും ഉൽപാദക സഖ്യങ്ങളും, ജൈവ–പ്രകൃതി കൃഷി എന്നീ വിഷയങ്ങൾ ഉൾപ്പെടും. ഫെബ്രുവരി 13ന് ചെറു ധാന്യങ്ങളും കിഴങ്ങ് വർഗ്ഗങ്ങളും, കാർഷിക കയറ്റുമതി സാധ്യതകൾ, AI അധിഷ്ഠിത സ്മാർട്ട് ഫാമിങ്, നാളികേരത്തിൽ നിന്നുള്ള നവീന മൂല്യവർധിത ഉൽപ്പന്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധ സെമിനാറുകൾ നടക്കും. ഫെബ്രുവരി 14ന് വിശിഷ്ട കൂൺ ഇനങ്ങളും

മൂല്യവർധനവും, പഴം–പച്ചക്കറി പ്രോസസ്സിംഗ്, കാർഷിക രംഗത്തെ വനിതാ പ്രാതിനിധ്യം, കൃഷിയിലൂടെ ആരോഗ്യവും, പോഷണവും, പുതിയ ഉൽപ്പന്നങ്ങളും എന്നീ വിഷയങ്ങളിൽ പ്രത്യേക സെഷനുകൾ സംഘടിപ്പിക്കുന്നു.

**<u>ഡി.പി.ആർ ക്ലിനിക്ക്</u>**

സംരംഭകരെ കാർഷിക മേഖലയിലേക്ക് ശാസ്ത്രീയ പദ്ധതികളോടെ കൈപിടിച്ചുയർത്തുന്നതിനായി ഡി.പി.ആർ (Detailed Project Report) ക്ലിനിക്ക് സംഘടിപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്നലെയും, ഇന്നുമായി (ഫെബ്രുവരി 9, 10) തിരുവനന്തപുരം ആനയറയിലെ സമേതി പരിശീലന കേന്ദ്രത്തിൽ വെച്ച് ഡി.പി.ആർ ക്ലിനിക്ക് നടന്നുവരുന്നു. കാർഷിക സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ, നിക്ഷേപകർ, സംരംഭകർ എന്നിവർക്ക് പ്രായോഗിക മാർഗ്ഗനിർദ്ദേശവും സാങ്കേതിക പിന്തുണയും നൽകുന്നതാണ് പരിപാടിയുടെ ലക്ഷ്യം. SFAC കേരളയുടെ നേതൃത്വത്തിൽ നടക്കുന്ന ഡി.പി.ആർ ക്ലിനിക്കിൽ ബിസിനസ് പദ്ധതി രൂപീകരണം, വിപണി–സാമ്പത്തിക വിലയിരുത്തൽ, റിസ്ക് വിശകലനം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധ പാനലിന്റെ സഹായത്തോടെ ബാങ്കുകൾ ആവശ്യപ്പെടുന്ന രീതിയിലുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ശാസ്ത്രജ്ഞർ, സാമ്പത്തിക വിദഗ്ദ്ധർ, സാങ്കേതികവിദഗ്ദ്ധർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഫണ്ട് പദ്ധതിയിലെ ഉദ്യോഗസ്ഥർ, സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ, നബാർഡിന്റെ സബ്സിഡിയറി ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ ആയ നാബ്കോൺ തുടങ്ങിയവർ ഉൾപ്പെടുന്ന വിദഗ്ധരുടെ പാനലായിരിക്കും ഡി.പി.ആറുകൾ തയ്യാറാക്കുക. സർക്കാർ ഗ്രാന്റ്–സബ്സിഡി പദ്ധതികളുമായി പ്രോജക്റ്റുകൾ ബന്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും നൽകും. വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ക്ലിനിക്കിന്റെ ഭാഗമായി ഒരു കുടക്കീഴിൽ സമന്വയിക്കുന്നതിനാൽ സംരംഭകന്റെ പ്രോജക്ട് ഇതര വകുപ്പുകൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന്റെ സംയോജന സാദ്ധ്യതകളും ക്ലിനിക്കിൽ പരിഗണിക്കുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനായി ലഭിച്ച 228 അപേക്ഷകളിൽ നിന്ന് പൂർണ്ണ

വിവരങ്ങളുള്ള 55 അപേക്ഷകളാണ് ഡി.പി.ആർ തയ്യാറാക്കുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമായി തിരഞ്ഞെടുത്തിട്ടുള്ളത്. ഡി.പി.ആർ ക്ലിനിക്കിൽ വെച്ച് തയ്യാറാക്കുന്ന ഡി.പി.ആറുകൾ VAIGA പ്രധാന വേദിയിൽ വെച്ച് വിതരണം ചെയ്യും.

**ബിസിനസ്സ് മീറ്റ് (B2B മീറ്റ്)**

കേരളത്തിലെ കർഷകരെയും കാർഷിക സംരംഭകരെയും വിപണിയുമായി നേരിട്ട് ബന്ധിപ്പിക്കുന്നതിനായി ബിസിനസ്-ടു-ബിസിനസ് (B2B) മീറ്റ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 13 ന് തിരുവനന്തപുരം ആനയറ ഹോട്ടൽ ഓ ബൈ താമര വേദിയിലാണ് B2B മീറ്റ് സംഘടിപ്പിച്ചിട്ടുള്ളത്. ഉൽപാദകർക്കും സംരംഭകർക്കും അവരുടെ കാർഷിക ഉൽപന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും അവതരിപ്പിച്ച് വ്യാപാരം നേരിട്ട് ഉറപ്പിക്കുന്നതിനുള്ള വേദിയായിട്ടാണ് B2B മീറ്റ് ഒരുക്കിയിട്ടുള്ളത്. ഉൽപാദകരെയും വ്യാപാരികളെയും നേരിട്ട് ബന്ധിപ്പിച്ച് ഫലപ്രദമായ ബിസിനസ് സഹകരണങ്ങൾ രൂപപ്പെടുത്താനും B2B മീറ്റിലൂടെ സാധ്യമാവുന്നു. വ്യാപാരികൾക്ക് ഉൽപന്നങ്ങളുടെ ഗുണനിലവാരം നേരിട്ട് വിലയിരുത്തുന്നതിനും ആവശ്യമായ ചർച്ചകൾ നടത്തുന്നതിനും വ്യാപാര കരാറുകളിൽ ഏർപ്പെടുന്നതിനും ഈ വേദി സഹായകരമാകും. B2B മീറ്റിൽ പങ്കെടുക്കുന്നതിനായി ഓൺലൈനായി രജിസ്റ്റർ ചെയ്ത ഉൽപാദകർ, വ്യാപാരികൾ എന്നിവരിൽ നിന്നും പ്രാഥമിക വിലയിരുത്തൽ നടത്തി 130 ഉൽപാദകരെയും 96 വ്യാപാരികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ കർഷകർ, FPOകൾ, കർഷക കൂട്ടായ്മകൾ, കാർഷിക സംരംഭകർ എന്നിവർ ഉൾപ്പെടുന്നു. കർഷകരുടെ ഉൽപന്നങ്ങൾക്ക് ഉറപ്പുള്ള വിപണി കണ്ടെത്തുന്നതിനും മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾക്ക് വ്യാപാര അവസരങ്ങൾ സൃഷ്ടിക്കുന്നതിനും B2B മീറ്റ് പ്രധാന വേദിയായിരിക്കും.

**കർഷക പാർലമെന്റ്**

സംസ്ഥാനത്തെ കർഷകരുടെ ശബ്ദം നയരൂപീകരണ തലത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കർഷക പാർലമെന്റ് സംഘടിപ്പിക്കുന്നത്. കേരളത്തിലെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ നിന്നും ഓരോ കർഷക

പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്. സംസ്ഥാന കാർഷിക രംഗം നേരിടുന്ന പൊതുവായ പ്രശ്നങ്ങളും പ്രദേശിക തലത്തിൽ കർഷകർ അനുഭവിക്കുന്ന വെല്ലുവിളികളും നേരിട്ട് അവതരിപ്പിക്കാനുള്ള വേദിയായിരിക്കും കർഷക പാർലമെന്റ്. കർഷകർക്ക് അവരുടെ അഭിപ്രായങ്ങൾ, നിർദേശങ്ങൾ, അനുഭവങ്ങൾ എന്നിവ കൃഷിവകുപ്പ് മന്ത്രിയുടെയും വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെയും മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം ഇതിലൂടെ ലഭിക്കും. വിവിധ കാർഷിക പദ്ധതികളുടെ പ്രാവർത്തികത, ഫീൽഡ് തല പ്രശ്നങ്ങൾ, വിപണി സൗകര്യങ്ങൾ, മൂല്യവർധന, സാങ്കേതിക പിന്തുണ, കാലാവസ്ഥാ വെല്ലുവിളികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യപ്പെടും. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളും ഭാവി പദ്ധതികളും സംബന്ധിച്ച് നേരിട്ടുള്ള ആശയവിനിമയത്തിനും പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നതിനും പ്രത്യേക സെഷനുകളും ഉണ്ടായിരിക്കും. തിരുവനന്തപുരം ടെക് നാപാർക്കിലെ ട്രാവൻകൂർ ഹാളിൽ ഫെബ്രുവരി 16ന് രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കർഷക പാർലമെന്റ് നടക്കും. കർഷക സമൂഹത്തിന്റെയും നയരൂപീകരണ സംവിധാനത്തിന്റെയും ഇടയിൽ ഫലപ്രദമായ സംവാദത്തിന് വഴിയൊരുക്കുന്ന പ്രധാന വേദിയായിരിക്കും ഈ കർഷക പാർലമെന്റ്.

**വൈഗ 2026 കലാപരിപാടികൾ – ഫെബ്രുവരി 11 മുതൽ**

തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2026ന്റെ ഭാഗമായി വിപുലമായ കലാപരിപാടികൾ ഫെബ്രുവരി 11 മുതൽ 16 വരെ ആനയറ വേൾഡ് മാർക്കറ്റ് വേദിയിൽ നടക്കും. പ്രശസ്ത സിനിമ–നാടക താരങ്ങളും സംഗീതജ്ഞരും അണിനിരക്കുന്ന പരിപാടികൾ എല്ലാ ദിവസവും വൈകുന്നേരങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**പരിപാടികളുടെ വിശദാംശങ്ങൾ:**

**ഫെബ്രുവരി 11 – നാടകം:** വൈകുന്നേരം 7 മണിക്ക് പ്രശസ്ത സിനിമ–നാടക താരം പ്രമോദ് വെളിയനാട് ഉൾപ്പെടെയുള്ളവർ അണിനിരക്കുന്ന മരുതം ആലപ്പുഴയുടെ

*"മാടൻ മോക്ഷം"* എന്ന നാടകത്തോടെ കലാസന്ധ്യകൾക്ക് തുടക്കമാകും. സമകാലിക വിഷയങ്ങളെ ആസ്പദമാക്കിയ നാടകമാണ്.

**ഫെബ്രുവരി 12 – സംഗീത നിശ:** വൈകുന്നേരം 6 മുതൽ 9 വരെ പിന്നണി ഗായകൻ സുദീപ് കുമാറും സംഘവും അവതരിപ്പിക്കുന്ന സംഗീത നിശ. പഴയതും പുതുതുമായ ഹിറ്റ് ഗാനങ്ങൾ ഉൾപ്പെടും.

**ഫെബ്രുവരി 13 – Folk Fiesta**: IPTA അവതരിപ്പിക്കുന്ന Folk Fiesta – Folk Mega Show അരങ്ങേറും. നാടൻ പാട്ടുകളും ജനകീയ കലാരൂപങ്ങളും ഉൾപ്പെട്ട പരിപാടി.

**ഫെബ്രുവരി 14 – ലൈവ് മ്യൂസിക് & ഡാൻസ്:** രാജേഷ് ചേർത്തലയും സംഘവും അവതരിപ്പിക്കുന്ന ലൈവ് മ്യൂസിക് പെർഫോർമൻസ്, Footloosers Dance Companyയുടെ *"Dance Dhamakka"* നൃത്തവിരുന്ന്.

**ഫെബ്രുവരി 15 – മെഗാ മ്യൂസിക് ഷോ**: വൈകുന്നേരം 7 മണിക്ക് സ്റ്റീഫൻ ദേവസ്സി നയിക്കുന്ന മെഗാ ലൈവ് മ്യൂസിക് ഷോ.

**ഫെബ്രുവരി 16 – അഗ്രി സർഗ്ഗ വേദി**: വൈകുന്നേരം 6 മണി മുതൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളോടെ സമാപനം.